# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 30 വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

സഹകരണ വകുപ്പുമന്ത്രി
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

## കാർഷികമേഖലയിലെ യന്ത്രവൽക്കരണം

*121 ശ്രീ. സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷികമേഖലയ്ക്ക് നവജീവൻ നല്കാനുതകുന്ന പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം ത്വരിതപ്പെടുത്താനും ഉല്പാദനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(സി) സംസ്ഥാനത്തെ കൃഷിഭൂമികളുടെ വിസ്തൃതിയും, കാർഷികവിളകളും മറ്റു സംസ്ഥാനങ്ങളുടേതിന് സമാനമല്ലാത്തിനാൽ അവിടങ്ങളിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ നമുക്ക് അനുയോജ്യമല്ലെന്ന കാര്യം ശ്ര; യിൽപ്പെട്ടിട്ടുണ്ടോ

(ഡി) ലഘുവായതും, കൈകാര്യം ചെയ്യാൻ എളുപ്പമായവയുമാണ് സംസ്ഥാനകാർഷികമേഖലയ്ക്ക് അനുയോജ്യമായതെന്നതുകൊണ്ട് അത്തരം യന്ത്രങ്ങൾ വികസിപ്പി

ക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കാംകോ ഉത്പാദിപ്പിക്കുന്ന പരിമിതമായ ലഘുയന്ത്രങ്ങൾ പ്രവർത്തിപ്പിക്കേണ്ടത് പെട്രോളിലായതിനാൽ പ്രവർത്തനച്ചെലവ് കൂടുമെന്ന ന്യൂനത പരിഹരിക്കാൻ മണ്ണെണ്ണയിൽ പ്രവർത്തിക്കുന്നവ വികസിപ്പിക്കകയോ, ഈ ആവശ്യത്തിന് പെട്രോളിന് സബ്സിഡി നല്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക വികസന ബാങ്കുകളുടെ ഭരണ സമിതികള്‍</u>

*122 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, കെ. സുരേഷ് കുറുപ്പ്
,, എം. ചന്ദ്രന്‍
,, ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക കാര്‍ഷിക വികസന ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ ഓര്‍ഡിനന്‍സുവഴി പിരിച്ചുവിട്ടിട്ടുണ്ടോ ; എങ്കില്‍ എത്ര ഭരണ സമിതികളെ ;

(ബി) ഈ സംഘങ്ങള്‍ ഓരോന്നും രജിസ്റ്റര്‍ ചെയ്തിട്ടുള്ളതെപ്പോളാണ് ; പിരിച്ചുവിട്ടത് എപ്പോള്‍ ; ഈ സംഘങ്ങള്‍ വായ്പാവിതരണം നടത്തുന്നുണ്ടോ ;

(സി) ഒരു സഹകരണ സ്ഥാപനം രൂപീകരിക്കുന്നതിന് ആ പ്രദേശത്ത് പ്രവര്‍ത്തിച്ചിരുന്ന സ്ഥാപനങ്ങളില്‍ നിന്ന് ആസ്തി ബാദ്ധ്യതകള്‍ പങ്കിട്ടെടുക്കണമെന്ന വ്യവസ്ഥ നിലവിലുള്ള സഹകരണ നിയമത്തിലുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ കാര്‍ഷിക വികസന ബാങ്കുകള്‍ക്ക് മാത്രമായി ഓര്‍ഡിനന്‍സ് വഴി നിയമത്തില്‍ ഈ വ്യവസ്ഥ കൊണ്ടുവരേണ്ട ആവശ്യം എന്തായിരുന്നു ; വിശദമാക്കാമോ ; ഈ വ്യൂവസ്ഥയ്ക്ക് മുന്‍കാല പ്രാബല്യം നല്‍കിയത് എന്തുകൊണ്ടാണ് ; ഭരണ സമിതി പ്രവര്‍ത്തിച്ചുകൊണ്ടിരിക്കെ ആസ്തിബാധ്യതകള്‍ വിഭജിക്കാന്‍ തടസ്സമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) താലൂക്കടിസ്ഥാനത്തില്‍ കാര്‍ഷിക വികസന ബാങ്കുകള്‍ പ്രവര്‍ത്തിക്കുന്നതു മൂലം എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

## കാർഷിക വായ്പകൾക്ക് സബ്സിഡി

*123 ശ്രീ. പി. കെ. ഗുരുദാസൻ
'' എസ്. ശർമ്മ
'' എ. എം. ആരിഫ്
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പയ്ക്ക് സബ്സിഡി ലഭിക്കാത്തതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശ സബ്സിഡി സംസ്ഥാനത്തെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ദേശസാൽകൃത ബാങ്കുകൾ സംസ്ഥാനത്തെ കാർഷിക മേഖലയിൽ നൽകുന്ന വായ്പകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അവലോകനം കൃഷിവകുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കോഴിമുട്ടയുടെ ഉൽപാദനം</u>

*124 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ആർ. സെൽവരാജ്
,, ബി.ഡി. ദേവസ്സി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ടയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് മുട്ടയുടെ ആവശ്യവും, ഉല്പാദനവും തമ്മിലുള്ള അന്തരം വിശദമാക്കുമോ ;

(സി) കോഴിത്തീറ്റയുടെ വിലയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലവർദ്ധന, മുട്ട ഉല്പാദനരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>റബ്ബറിന്റെ ഇറക്കുമതി ചുങ്കം</u>

*125 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍
,, എളമരം കരീം
,, കെ.രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായരംഗത്ത് ഇപ്പോഴും റബ്ബര്‍ വന്‍തോതില്‍ ഇറക്കുമതി ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്രസര്‍ക്കാര്‍ ഇറക്കുമതി ചുങ്കം 20 ശതമാനത്തില്‍ നിന്ന് 7.5 ശതമാനമായി വെട്ടിക്കുറച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഈ നടപടി ആര്‍ക്കാണ് സഹായകരമാവുന്നത് ;

(സി) കേരളത്തിലെ റബ്ബര്‍ കര്‍ഷകരെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ എന്ത് നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കൃഷിഭവനുകളുടെ പ്രവര്‍ത്തനം</u>

*126 ശ്രീ. പി. ഉബൈദുള്ള
,, എന്‍.എ. നെല്ലിക്കുന്ന്
,, കെ.എന്‍.എ ഖാദര്‍
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി ഭവനുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് സര്‍ക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എല്ലാ പഞ്ചായത്തുകളിലും കൃഷി ഭവനുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കില്‍ എല്ലാ പഞ്ചായത്തിലും കൃഷിഭവന്‍ ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) കൃഷിഭവനുകള്‍ വഴി കര്‍ഷകര്‍ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോള്‍ നല്‍കി വരുന്നത്;

(ഇ) പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗങ്ങളില്‍പ്പെട്ട കര്‍ഷകര്‍ക്ക് കൃഷിഭവനുകള്‍ വഴി ഇപ്പോള്‍ നല്‍കുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെയാണ്;

(എഫ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് സംബന്ധിച്ച് കര്‍ഷകരെ പഠിപ്പിക്കാന്‍ കൃഷിഭവനുകള്‍ വഴി എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

*127 ശ്രീ. എസ്. രാജേന്ദ്രന്‍
,, കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)
,, കെ. കെ. നാരായണന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില്‍ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിന വേതനം 200 രൂപയായി വര്‍ദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവണ്‍മെന്റിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ കേന്ദ്ര സര്‍ക്കാരില്‍ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) പ്രതിദിന വേതനം 200 രൂപ നല്‍കുവാന്‍ തയ്യാറാകുമോ; എങ്കില്‍ എന്ന് മുതല്‍ ഇത് നടപ്പില്‍ വരുത്തും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

പി. എം. ജി. എസ്സ്.വൈ

*128 ശ്രീ. പി.സി. ജോർജ്
,, സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി. എം. ജി. എസ്സ്.വൈ യിൽ കൂടുതൽ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചുവോ ;

(ബി) പി. എം. ജി. എസ്സ്.വൈ യിൽ പെടുത്തി റോഡ് നിർമ്മിക്കുന്ന വ്യവസ്ഥകളിൽ ഇളവു നല്കുവാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷം പി. എം. ജി. എസ്സ്.വൈ പദ്ധതിയ്ക്കായി കേന്ദ്ര സഹായം ലഭിച്ചുവോ ; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ വികസനം</u>

*129 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ, സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2001-02 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എൻ.സി.ഡി.സി.യിൽ നിന്ന് നേടിയെടുക്കാൻ കഴിഞ്ഞ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ വർഷം ഇതിനകം എൻ.സി.ഡി.സി.യിൽ നിന്ന് എന്തു തുക ഏതെല്ലാം പദ്ധതികൾക്ക് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്;

(ഡി) എൻ.സി.ഡി.സി.വായ്പ വാങ്ങി സംഘങ്ങൾക്ക് നൽകുമ്പോൾ അതിലൊരു ഭാഗം സർക്കാർ സബ്സിഡിയായി നൽകുമോ; അതിന് നിലവിൽ സ്കീം ഉണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും സ്വകാര്യ ആശുപത്രികളും

*130 ശ്രീ. സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) സ്വകാര്യ ആശുപത്രികളിലേക്ക് കൂടി വ്യാപിപ്പിക്കുന്നത് ആലോചിക്കുന്നുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) സർക്കാർ ജീവനക്കാർ/പൊതുമേഖലാ ജീവനക്കാർ എന്നിവർക്ക് കൂടി പ്രയോജനമുണ്ടാകുന്ന രീതിയിൽ ഇതു നടപ്പാക്കാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി</u>

*131 ശ്രീ. കെ. വി. വിജയദാസ്
,, സി. കെ. സദാശിവൻ
,, ആർ. സെൽവരാജ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലിനായി അർഹതയുള്ളവർ നൽകുന്ന അപേക്ഷകളിന്മേൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്തു തൊഴിൽ കാർഡ് നൽകുന്നതിൽ പഞ്ചായത്തുകൾ വീഴ്ച വരുത്തുന്നതായി ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്റ്റർ ചെയ്യപ്പെടുന്നവർക്ക് നിശ്ചിത ദിവസങ്ങൾക്കകം തൊഴിൽ ഉറപ്പാക്കാൻ സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാതിരിക്കുകയും എന്നാൽ ഇതിന്റെ പേരിൽ തൊഴിലില്ലായ്മ വേതനം നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കാർഷിക കടാശ്വാസ പദ്ധതി

*132 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, മഞ്ഞളാംകുഴി അലി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കാർഷിക വായ്പയെടുത്തശേഷം, കൃഷിനാശമുണ്ടായിട്ടുപോലും പലിശയടച്ചുകൊണ്ടിരുന്ന കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുമോ;

(ഡി) പദ്ധതിയുടെ ന്യൂനത പരിഹരിച്ച് അർഹരായവർക്കെല്ലാം പ്രയോജനം ലഭിക്കുംവിധം വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

*133 ശ്രീ. സാജു പോൾ
,, ജി. സുധാകരൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സർക്കാർ സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജൈവ ഉല്പന്നങ്ങളുടെ വിതരണത്തിനും വിപണനത്തിനും നിലവിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; ഈ വർഷത്തെ ലക്ഷ്യം കൈവരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്താണ്?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നന്മപദ്ധതയും ആയിരം മിനിത്രിവേണിസ്റ്റോറുകളും</u>

*134 ശ്രീ. മാത്യൂ റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില്പനയ്ക്കായി കൺസ്യൂമർ ഫെഡ് വഴി നടപ്പിലാക്കിയ നന്മ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആയിരം പഞ്ചായത്തുകളിലായി ആയിരം മിനി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാംനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കാർഷിക രംഗം - പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകളുടെ പങ്ക്</u>

*135 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വളർച്ചയും പ്രോത്സാഹനവും മുഖ്യ ലക്ഷ്യമായി അംഗീകരിച്ച് നിലവിൽ വന്ന പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകൾ മതിയായ വിധത്തിൽ കാർഷിക മേഖലക്കുവേണ്ടി മുതൽ മുടക്കുന്നതിനോ കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനോ ജാഗ്രത കാട്ടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാണിജ്യപരവും വ്യാവസായികവുമായി ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ മത്സരിക്കുന്ന സഹകരണ മേഖലയിലെ പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ ലക്ഷ്യം കാർഷിക രംഗത്തേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം</u>

*136 ശ്രീ. എം. ഹംസ
,, വി. ശിവൻകുട്ടി
,, സാജു പോൾ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവം ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങളിൽ ജനങ്ങൾ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാഥാർത്ഥ്യബോധമില്ലാത്ത കാര്യങ്ങൾ പരസ്യങ്ങൾവഴി ജനങ്ങളെ അറിയിക്കുന്നത് തടയാൻ തയ്യാറാകുമോ; ഏതെല്ലാം നിലയിൽ ഇത് സാധ്യമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിനെ മാതൃകാപരമായി പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

**ബാങ്കിങ്ങ് നിയന്ത്രണ നിയമ ഭേദഗതിയും സഹകരണ ബാങ്കുകളുടെ പ്രവര്‍ത്തനവും**

*137

ശ്രീ. ബി. ഡി. ദേവസ്സി
,, സി. കൃഷ്ണന്‍
,, സി. കെ. സദാശിവന്‍
,, കെ. വി. അബ്ദുള്‍ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാങ്കിങ്ങ് നിയന്ത്രണ നിയമത്തിന് നിര്‍ദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതി ജില്ലാ സഹകരണ ബാങ്കുകളുടേയും അര്‍ബന്‍ സഹകരണ ബാങ്കുകളുടെയും പ്രവര്‍ത്തനത്തെ ഏതെല്ലാം നിലയില്‍ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബാങ്കുകളുടെ കരുതല്‍ അനുപാതവും സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോയും കേന്ദ്ര സര്‍ക്കാര്‍ വര്‍ദ്ധിപ്പിച്ചതിനാല്‍ സഹകരണ വായ്പയുടെ ലഭ്യതയില്‍ വന്‍കുറവുണ്ടാകുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോള്‍ നിക്ഷേപത്തിന്റെ എത്ര ശതമാനമാണ് വായ്പയായി നല്‍കുന്നത്; വര്‍ദ്ധന അനുസരിച്ച് നല്‍കാവുന്നത് എത്ര ശതമാനമാണ്;

(ഡി) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കുകളുടെയടിസ്ഥാനത്തില്‍ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയാണ് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പുതിയ മേഖലകളിൽ സഹകരണസംഘങ്ങളുടെ വ്യാപനം</u>

*138 ശ്രീ. എ. പ്രദീപ് കുമാർ
,, എളമരം കരീം
,, എസ്. ശർമ്മ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏതെല്ലാം മേഖലകളിലാണ് സഹകരണസംഘങ്ങളുടെ വ്യാപനം ലക്ഷ്യമാക്കിയിട്ടുള്ളത് ;

(ബി) സർക്കാരിന്റെ സാമ്പത്തിക സഹായവും പ്രോത്സാഹനവും കൊണ്ട് പുതിയ മേഖലയെ പരിപോഷിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട പദ്ധതികളുടെ അടിസ്ഥാനത്തിൽ അവ വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

*139 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇൻഡ്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് നോർക്ക - റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ ; പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രവാസി മലയാളികൾക്ക് നൽകുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് 'സ്മാർട്ട്' കാർഡായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി</u>

*140 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ നിലവിലുള്ള പദ്ധതികൾക്കു പുറമെ മറ്റു പദ്ധതികളെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളെയാണ് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടത് ;

(സി) കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) എത്ര പദ്ധതികളെ ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) പരിഗണിക്കാത്തവയെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

കോർബാങ്കിംഗ് സംവിധാനം

*141 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല ക്രെഡിറ്റ് സംഘങ്ങളെയും ബ്രാഞ്ചുകളെയും കോർത്തിണക്കി കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൊമേഴ്സ്യൽ ബാങ്കുളിൽ നിന്ന് ലഭിക്കുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കാൻ സാധിക്കുന്നുണ്ടോ ; പ്രധാനമായി എന്തെല്ലാം സർവ്വീസുകളുടെ അഭാവമാണ് സഹകരണ ബാങ്കുകളിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇന്റർനെറ്റ് എ. ടി. എം. സേവനങ്ങൾ ഇപ്പോൾ നൽകുന്നുണ്ടോ ;

(സി) സർക്കാരും സംസ്ഥാന സഹകരണ ബാങ്കും ഇക്കാര്യത്തിൽ എടുക്കുന്ന നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

*142 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വിദഗ്ദ്ധ ചികിത്സക്കുള്ള പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പരിഷ്ക്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര ലക്ഷം കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(ഡി) സ്വകാര്യ സഹകരണ മേഖലകളിലെ മെഡിക്കൽ കോളേജുകളെ പദ്ധതിയിൽ പങ്കാളികളാക്കാൻ ശ്രമിക്കുമോ ;

(ഇ) ഇതിന് കേന്ദ്ര സഹായം ലഭിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള
കവറേജിന്റെ അപര്യാപ്തത</u>

*143 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തുടക്കം കുറിച്ചതെന്നാണ് ; ഈ പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ബി) ചികിത്സാ ചെലവുകൾ താങ്ങാൻ കഴിയുന്നില്ലെന്ന കാരണം പറഞ്ഞ് സ്വകാര്യ സഹകരണ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും പിൻമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് കവറേജ് ആയി നൽകുന്ന തുക ചികിത്സകൾക്ക് അപര്യാപ്തമാണെന്നുള്ളത് വസ്തുതയാണോ ; ആണെങ്കിൽ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഐ. റ്റി. ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ</u>

*144 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി.ഐ കളിൽ കാലഹരണപ്പെട്ട പഠന അദ്ധ്യയനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഠന അദ്ധ്യയനങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ലോകബാങ്കിന്റെ സഹായത്തോടെ ഐ. ടി.ഐ കളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പാൽവില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച നടപടി</u>

*145 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യ**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ വില വർദ്ധിപ്പിക്കുന്നതിന് മുൻപ് ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) വർദ്ധിപ്പിച്ച പാൽ വിലയിൽ ക്ഷീരകർഷകർകന് കിട്ടുന്ന വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) കർഷകർക്ക് മിൽമ നൽകിയിരുന്ന ആനുകൂല്യങ്ങൾ പാൽ വില വർദ്ധിപ്പിച്ചതോടെ പിൻവലിച്ചതിനാൽ വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് വഴി അവശ്യ മരുന്നുകളുടെ വിതരണം</u>

*146 ശ്രീ. സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകളുടെ വിതരണം കൺസ്യൂമർ ഫെഡ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ;

(സി) അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുവാൻ എന്തു സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

*147 ശ്രീ. കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, എം.എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാൻ ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര ശതമാനം തുകയാണ് ഇങ്ങനെ വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുള്ളത്;

(ഡി) തുക വിനിയോഗിക്കാൻ എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ടു വച്ചിട്ടുള്ളത്;

(ഇ) കേന്ദ്രം അനുമതി നൽകിയ തുകകൾ എപ്രകാരമാണ് പദ്ധതി നടത്തിപ്പിന് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആസൂത്രണ കമ്മീഷൻ അനുവദിച്ച പദ്ധതി വിഹിതം</u>

*148 ശ്രീ. വി.റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ആസൂത്രണ കമ്മീഷൻ അനുവദിച്ച പദ്ധതി വിഹിതം എത്ര വീതമായിരുന്നു;

(ബി) ഇതിൽ ഓരോ വർഷവും എത്ര ശതമാനം തുക ചെലവഴിച്ചു;

(സി) അനുവദിച്ച പദ്ധതി വിഹിതം മുഴുവനും ചെലവഴിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കല്‍ സ്റ്റോറുകള്‍</u>

*149 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കല്‍ സ്റ്റോറുകള്‍ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രൈമറി സൊസൈറ്റികളുടെ കീഴില്‍ നീതി സ്റ്റോറുകള്‍ ആരംഭിക്കുന്നതിന് മുന്‍ഗണന നല്‍കുമോ;

(സി) മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷനുമായി ബന്ധപ്പെട്ട് എല്ലാ താലൂക്ക് ആശുപത്രി കേന്ദ്രങ്ങളിലും ന്യായവില മെഡിക്കല്‍ സ്റ്റോറുകള്‍ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ത്രിവേണി സൂപ്പര്‍ മാര്‍ക്കറ്റിന്റെ പ്രവര്‍ത്തനം എല്ലാ നിയോജക മണ്ഡലത്തിലും ആരംഭിക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടി</u>

*150 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഇരകളായവർക്ക് സർക്കാറിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൈകൊണ്ട ആശ്വാസ നടപടികൾ എന്തൊക്കെയാണ്:

(ബി) ധനസഹായം നൽകുകയുണ്ടായോ; എങ്കിൽ എത്ര പേർക്ക്; വിശദാംശങ്ങൾ നൽകാമോ;

(സി) കാസർഗോഡ് ജില്ലാ ഭരണകൂടം തയ്യാറാക്കിയ അടിസ്ഥാന സൗകര്യ വികസന പാക്കേജിന് അംഗീകാരം നൽകുകയുണ്ടായോ;

(ഡി) എത്ര രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്;

(ഇ) ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?